ആമുഖം

വിജയകരമായി നാല് ബജറ്റുകൾക്ക് ശേഷം ഈ ഭരണ സമിതിയുടെ കാലയളവിലെ അവസാന വർഷമായ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ആണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ വർഷത്തെ വകയിരുത്തലുകൾ വൈവിധ്യമുള്ള പദ്ധതികളായി രൂപപ്പെടുത്തി ഭൂരിഭാഗവും ജനഹിതമനുസരിച്ച് നടപ്പിലാക്കാൻ ആയതും അവക്കെല്ലാം തന്നെ വലിയ ജനകീയ പിന്തുണ ലഭിക്കുകയും ചെയ്തത് ഈ ബജറ്റ് അവതരണത്തിന് ഏറെ ആത്മവിശ്വാസം നൽകുന്നു. ബജറ്റിൽ വിഭാവനം ചെയ്ത അധിക വിഭവ സമാഹരണത്തിലൂടെ സമസ്ത മേഖലകളിലേക്കും വികസനം എത്തിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. ഇതിനുവേണ്ടി പരിശ്രമിച്ച ഓരോ ഭരണ സമിതി അംഗത്തെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

ചരിത്രം ഓർമ്മയായും കാഴ്ചയായും സൂക്ഷിക്കുന്ന ഒരു തലമുറ ജീവിച്ചു പോരുന്ന തൂതപ്പുഴയുടെ തീരത്തുള്ള തിരുവേഗപ്പുറ എന്ന കാർഷിക ഗ്രാമം പറയിപെറ്റ പന്തിരുകുലത്തിലെ ശ്രേഷ്ഠനായ നാറാണത്തു ഭ്രാന്തന്റെ വിഹാര കേന്ദ്രമെന്ന് അറിയപ്പെടുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തി നേടിയ നിരവധി ശ്രേഷ്ഠ വ്യക്തികൾക്ക് ജന്മം നൽകിയ ഈ ഗ്രാമത്തിൻറെ സംസ്കാരത്തെയും പൈതൃകത്തെയും ഓർമ്മയിൽ വെച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശ ഭരണത്തിന്റെ മുഴുവൻ സാധ്യതകളും നാം ജീവിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങളിലേക്ക് സന്നിവേശിപ്പിക്കുന്നതിനും സാധാരണക്കാരന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പൂർണ്ണത നൽകുന്നതിനും പ്രത്യേക പരിഗണന നൽകേണ്ട വിഭാഗക്കാരുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിനും കാർഷിക മേഖല സംരക്ഷിക്കുന്നതിനും പശ്ചാത്തല മേഖലയുടെ സ്ഥായിയായ വികസനത്തിനും ബജറ്റിൽ ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിലേതു പോലെ വികസനത്തിനായി ഒന്നിച്ചു നിൽക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഈ ബജറ്റ് ഏവരുടെയും സജീവ ചർച്ചക്കായി സമർപ്പിക്കുന്നു

കാർഷിക മേഖല

പഞ്ചായത്ത് ബജറ്റ് വിഹിതത്തിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കുന്നതും മികച്ച പരിഗണന നൽകി വരുന്നതുമായ മേഖലയാണ് കാർഷിക മേഖല. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, ഫലവൃക്ഷങ്ങൾ, പുഷ്പകൃഷി, തുടങ്ങിയ വിവിധ കൃഷി ഇനങ്ങളിൽ കർഷകർക്ക് ആവശ്യമായ സഹായവും പിന്തുണയും നൽകുന്നതിനാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

- നെൽകൃഷിക്ക് ആവശ്യമായ വിത്ത്, വളം, കൂലിച്ചെലവ് സബ്സിഡി എന്നിവ ലഭ്യമാക്കും, കൂടുതൽ കാര്യക്ഷമമായി ഈ പദ്ധതി നടപ്പിലാക്കും.
- തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ആവശ്യമായ വളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മാവ് ഗ്രാമം പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ഇതിനോടകം പൂർത്തിയായി കഴിഞ്ഞു. മാവ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട തോട്ടം നിർമ്മിക്കുന്ന കർഷകർക്ക് ആവശ്യമായ വളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.
- ഈ വർഷത്തെ ഓണാഘോഷത്തിനാവശ്യമായ നേന്ത്യവാഴക്കുക്കുലകൾ പഞ്ചായത്തിൽ തന്നെ ഉദ്പാപിക്കുക എന്ന ഉദ്ദേശത്തോടെ നേന്ത്യവാഴ കൃഷി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനാവശ്യമായ വാഴകന്ന്, വളം എന്നിവ കർഷകർക്ക് ലഭ്യമാക്കും.
- കഴിഞ്ഞ വർഷം പരീക്ഷണാടിസ്ഥാനത്തിൽ നടത്തുകയും വിജയകരമാണെന്ന് ബോധ്യമാവുകയും ചെയ്ത് പുഷ്പ കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.
- കൃഷിക്ക് ആവശ്യമായ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ജലസേചന പദ്ധതികൾ നടപ്പിലാക്കും.
- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലഭ്യമാക്കും, തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ആവശ്യമായവർക്ക് തൊഴുത്ത് നിർമ്മിച്ച് നൽകും.
- കർഷകർ ഏറെ ഭീഷണി നേരിടുന്ന കൃഷി നാശം വരുത്തുന്ന വന്യജീവികളുടെ സാന്നിധ്യം കുറക്കുന്നതിനായി സംരക്ഷിക്കപ്പെടാതെ പൊന്ത കെട്ടി കാട് പിടിച്ച് കിടക്കുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലെ പൊന്ത വെട്ടി സംരക്ഷിക്കുന്നതിന് അവശ്യമായ ഇടപെടലുകൾ ശക്തമാക്കും.

മൃഗസംരക്ഷണം ക്ഷീര വികസനം

ആട്, വളർത്തൽ, പശു വളർത്തൽ, മുട്ടക്കോഴി തുടങ്ങി മൃഗസംരക്ഷണ മേഖലയിൽ ഉപജീവനം നടത്തുന്ന നിരധിയാളുകൾ ഉള്ള പ്രദേശമാണ് നമ്മുടേത്. ഇവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

- മുട്ടഗ്രാമം പദ്ധതി കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന വിധത്തിൽ നടപ്പിലാക്കും
- ആട് വളർത്തുവാൻ താൽപ്പര്യമുള്ളവർക്ക് ആട്ടിൻകുട്ടിയെ ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കും
- ക്ഷീര കർഷകർക്ക് കാലിത്തീറ്റ, പാലിന് സബ്സിഡി എന്നിവ ലഭ്യമാക്കും
- വെറ്റിനറി ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് ലഭ്യത വർധിപ്പിക്കും

ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ മികച്ച സംവിധാനങ്ങളും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും നിലവിൽ നൽകി വരുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും അലോപ്പതി ആരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പെൻസറി, വിവിധ സബ് സെന്ററുകൾ മുതലായ വിപുലമായ നമ്മുടെ ആരോഗ്യ സംവിധാനം ജനകീയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

- കൂടുതൽ സൗകര്യങ്ങളോടെ പി.എച്ച്.സി ആധുനിക വൽക്കരിക്കും
- എല്ലാ ദിവസവും രാവിലെയും ഉച്ചക്ക് ശേഷവും പി.എച്ച്.സിയിൽ ഡോക്ടറുടെ സേവനം ഉറപ്പാക്കും
- പി.എച്ച്.സി, ആയുർവ്വേദ ഡിസ്പെൻസറി ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിടെ മരുന്ന് ലഭ്യത വർധിപ്പിക്കും
- ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികളിലെ കെട്ടിട നവീകരണം കോമ്പൗണ്ട് നവീകരണ പ്രവർത്തികൾ നടപ്പിലാക്കും
- സബ്സെന്ററുകൾ കൂടുതൽ ജനകീയമാക്കും. ആയതിന്റെ ഭാഗമായി സബ് സെന്ററുകളിൽ ഹെൽത്ത് & ഫിറ്റ്നെസ്സ് പ്രവർത്തികൾ നടപ്പിലാക്കും
- ആശാ വർക്കർമാരുടെ സേവനം വിലമതിക്കുന്ന രീതിയിൽ ഇവർക്ക് പരിഗണന ലഭ്യമാക്കും
- പഞ്ചായത്തിലെ വാർഡ് 5 കൈപ്പുറം പ്രദേശത്ത് പടർന്ന് പിടിച്ച മഞ്ഞപ്പിത്തം പ്രതിരോധിക്കുന്നതിന് മാതൃക പരമായി രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധിച്ചിരുന്നു. മഞ്ഞപ്പിത്തം പോലുള്ള ഇത്തരം ജലജന്യ രോഗങ്ങളും പകർച്ച വ്യാധികളും തടയുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

സാന്ത്വനം പാലിയേറ്റീവ് കെയർ

- കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി പാലിയേറ്റീവ് ഹോം കെയർ എണ്ണം വർധിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും

- പാലിയേറ്റീവ് കുടുംബ സംഗമം സ്നേഹസ്പർശം കൂടുതൽ വിപുലമായി സംഘടിപ്പിക്കും.
- പാലിയേറ്റീവ് അംഗങ്ങളായ നിർധനരായ കിടപ്പു രോഗികൾക്ക് ആവശ്യമായ ഭക്ഷ്യ കിറ്റ്, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കും
- കിഡ്നി, ക്യാൻസർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാക്കും.
- കിഡ്നി മാറ്റി വെച്ചവർക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും

വനിത ക്ഷേമം

വനിതകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ വനിതാ ശാക്തീകരണ പരിപാടികൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിന് ലക്ഷ്യമിടുന്നു.

- യോഗ പരിശീലനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കും
- ഗർഭിണികൾക്ക് ആവശ്യമായ പ്രസവരക്ഷ മരുന്നുകൾ ഉൾപ്പെടുന്ന കിറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രസൂതി പ്രസവരക്ഷ പദ്ധതി തുടരും
- ഗ്രീൻകപ്പ് എന്ന പേരിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന മെൻസ്ട്രൽ കപ്പ് കൂടുതൽ പേർക്ക് ലഭ്യമാക്കും
- വ്യവസായ സംരഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള വനിതകളെ കണ്ടെത്തി ഇവർക്കാവശ്യമായ ധനസഹായം ഉൾപ്പെടെയുള്ള എല്ലാ പിന്തുണകളും നൽകും.
- പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായം ലഭ്യമാക്കും.
- ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും കൌമാരക്കാരായ പെൺകുട്ടികൾക്കും ഗ്രാമപഞ്ചായത്ത് പദ്ധതി വഴി അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാര പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കും
- വനിതകൾക്ക് പ്രീമാര്യേജ് & പോസ്റ്റ് മാര്യേജ് കൗൺസിലിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
- ജാഗ്രത സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും
- കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും

<u>വനിതകൾക്ക് മാത്രമായി ഹെൽത്ത് & ഫിറ്റ്നെസ്സ് സെന്റർ ആരംഭിക്കും</u>

ജീവിതശൈലി രോഗങ്ങൾ വർധിച്ച് വരുന്ന നിലവിലെ സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനുള്ള വ്യയാമം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമ്മുടെ പ്രദേശങ്ങളിലെ വനിതകൾക്ക് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും വളരെ കുറവാണ്. ആയതിന് ഒരു പരിഹാരമെന്നോണം ജീവിതശൈലി രോഗങ്ങൾക്കുള്ള പ്രതിരോധമായു വനിതകൾക്ക് മാത്രമായി ഹെൽത്ത് &

ഫിറ്റ്നെസ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

ഭിന്നശേഷി ക്ഷേമം

തങ്ങളുടേതെല്ലാത്ത കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെടുന്ന ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപ്പിടിച്ചുയർത്തുന്നതിനുള്ള പിന്തുണയും സഹായവും നൽകുന്ന പദ്ധതികളാണ് ഈ വിഭാഗത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വരുന്ന സ്കോളർഷിപ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും
- ഭിന്നശേഷിക്കാരുടെ കലാ പരമായി കഴിവിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒപ്പം ഭിന്നശേഷി കലാമേള കൂടുതൽ മികവോടെ വർണ്ണാഭമായി നടപ്പിലാക്കും
- ഭിന്നശേഷിക്കാർക്ക് മാനസികോല്ലാസം നൽകുന്നതിന് വിനോദയാത്ര സംഘടിപ്പിക്കും
- എല്ലാ ഘടക സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

ബഡ്സ് റിഹാബിലേഷൻ സെന്റർ യാഥാർത്ഥ്യമാകുന്നു

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ബഡ്സ് റിഹാബിലേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സർവ്വേ നടപടികൾ ഇതിനോടകം പൂർത്തിയായി. ഈ വർഷം ജൂൺ മാസത്തിൽ ബഡ്സ് സെന്റ്ർ പ്രവർത്തനം ആരംഭിക്കുന്നതാണ്. വാടക കെട്ടിടത്തിലാണ് നിലവിൽ സെന്റ്ർ ആരംഭിക്കുന്നത്. സ്വന്തമായ സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്.

തെറാപ്പി സെന്റെർ

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ആശയവിനിമയം സുതാര്യമാക്കാനും പഠന വൈകല്യങ്ങൾ അകറ്റി വ്യക്തിഗത വികാസത്തിനുമെല്ലാം ഉതകുന്ന രീതിയിൽ ഇവർക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ നൽകുന്നതിനുള്ള തെറാപ്പി സെന്റർ ആരംഭിക്കും

കുട്ടികളുടെയും വയോജനങ്ങളുടെയും ക്ഷേമം

- കുട്ടികൾക്കിടയിൽ വർധിച്ച് വരുന്ന ലഹരി ഉപയോഗം തടയുന്നതിനാവശ്യമായ ക്യാമ്പയിനുകൾ സ്കൂളുകൾ, യുവജന ക്ലബ്ബുകൾ, സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കും

- കുട്ടികളുടെ വളർച്ചയുടെ വഴികളിൽ രംഗബോധമുള്ള മാതാപിതാക്കളെ വാർത്തെടുക്കാൻ ഉതകുന്ന വിധത്തിലുള്ള പാരന്റിംഗ് ക്ലാസുകൾ രക്ഷിതാക്കൾക്കായി സംഘടിപ്പിക്കും
- ചെമ്പ്രയിൽ നിർമ്മാണം പുരോഗമിക്കുന്ന കുട്ടികളുടെ പാർക്ക് അന്തിമ ഘട്ടത്തിലാണുള്ളത്. ആയത് ഉടൻ തുറന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. തിരുവേഗപ്പുറയിലെ വയോജന പാർക്ക് ഈ വർഷം പ്രവർത്തന സജ്ജമാക്കും.
- കുടുംബശ്രീയുടെ നേതൃത്വത്തിൽ ബാലസഭ പ്രവർത്തനങ്ങൾ നടപ്പിലാക്കും

ക്ലീൻ തിരുവേഗപ്പുറ സമ്പൂർണ്ണ മാലിന്യ മുക്ത പദ്ധതി

മാലിന്യ സംസ്ക്കരണ രംഗത്ത് മുൻ വർഷങ്ങളിൽ ആവിഷ്ക്കരിച്ച പദ്ധതികൾ നിർവ്വഹണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ആയതിന്റെ തുടർച്ചയായി കൂടുതൽ കാര്യക്ഷമമായി ഈ രംഗത്ത് ഇടപെടുന്നതിനുള്ള പദ്ധതികൾ ഈ വർഷവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

- ഹരിത കർമ്മസേനയെ കൂടുതൽ ശക്തമാക്കും ഇവർക്ക് ആവശ്യമായ ഉപകരണങ്ങളും പരിശീലനങ്ങളും ലഭ്യമാക്കും. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുമായി പഞ്ചായത്ത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടറെ പ്രത്യേകമായി നിയമിക്കും.
- ഹരിത കർമ്മ സേനക്ക് സ്വന്തമായി വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
- വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ താൽക്കാലിക സൂക്ഷിപ്പിനായി എല്ലാ വാർഡുകളിലും മിനി എം.സി.എഫ് കൾ സ്ഥാപിക്കും
- പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ നിക്ഷേപിക്കുന്നതിനുള്ള ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കും
- റിംഗ് കമ്പോസ്റ്റ്/ബയോബിൻ കമ്പോസ്റ്റ്/ബൊക്കാഷേ ബക്കറ്റ് തുടങ്ങിയ ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ കൂടുതൽ വീടുകൾക്ക് ലഭ്യമാക്കും.
- പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് സാധ്യമായ ഇടങ്ങളിലെല്ലാം സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കും.
- പൊതു ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശുചീകരണം നടത്തുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കും

വിദ്യാഭ്യാസ മേഖല

പഞ്ചായത്തിന്റെ തനത് വിദ്യാഭ്യാസ പദ്ധതിയായ എജ്യുവേഗ വിദ്യാഭ്യാസ പദ്ധതിയിലൂടെ വിജയകരമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളെല്ലാം ഈ വർഷവും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

- ജി.യു,പി.എസ് നരിപ്പറമ്പിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കും
- ജി.യു.പി.എസ് നരിപ്പറമ്പിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയം പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ കഴിയും വിധം മൾട്ടി പർപ്പസ് സ്റ്റേഡിയമായി ഉയർത്തും.
- എൽ.എസ്.എസ്, യു.എസ്.എസ്.എസ് പരീക്ഷകൾക്കുള്ള പരിശീലനം, ഓറിയന്റേഷൻ ക്ലാസുകൾ, മോഡൽ എക്സാമുകൾ, പഠന സഹായികൾ എന്നിവ ലഭ്യമാക്കും
- പി.എസ്.സി/യു.പി.എസ്.സി പോലോത്ത തൊഴിൽ പരീക്ഷകൾക്ക് പര്യാപ്തരാക്കുന്ന പരിശീലനങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കും.
- സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള തൊഴിൽ രംഗത്തെ സാധ്യതകളും അവസരങ്ങളും ലഭ്യമാക്കുന്നതിനും, അഭിരുചികൾക്ക് അനുസരിച്ച ഉന്നത വിദ്യാഭ്യാസ മേഖലകൾ തെരഞ്ഞടുക്കുന്നതിനുമുള്ള കരിയർ ക്ലിനിക്കുകൾ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

സ്പോർട്സ് പാർക്ക് പൂർത്തിയാക്കും

പഞ്ചായത്തിലെ യുവാക്കളുടെയും കായിക താരങ്ങളുടെയും കായിക പ്രേമികളുടെയും ചിരകാല സ്വപ്നമായ പഞ്ചായത്ത് ഗ്രൗണ്ട് എന്ന സ്വപ്നം കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം ഇതിനോടകം യാഥാർത്ഥ്യമാക്കി കഴിഞ്ഞു. ഇവിടെ ക്രിക്കറ്റിനും വോളിബോളിനുമുള്ള സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി മൾട്ടി പർപ്പസ് സ്പോർട്സ് പാർക്ക് ആക്കിയ ഉയർത്തുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള പദ്ധതികൾ ഈ വർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

- പഞ്ചായത്ത് ഗ്രൗണ്ട് സ്പോർട്സ് പാർക്ക് ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഫ്ലഡ്ലൈറ്റ് സംവിധാനം ഏർപ്പെടുത്തും
- ടോയ്ലെറ്റ് ബ്ലോക്ക്, ഓഫീസ് ഗ്യാലറി ചുറ്റുമതിൽ ഗെയ്റ്റ് എന്നിവ നിർമ്മിക്കും
- സ്പോർട്സ് പാർക്കിനോടനുബന്ധിച്ച് ഓപ്പൺ ജിം ആരംഭിക്കും

ഗെയിംഫെസ്റ്റ്

പഞ്ചായത്തിലെ കായിക മേഖലക്ക് പ്രോത്സാഹനം നൽകുന്നതിനായി ഗെയിം ഫെസ്റ്റ് നടപ്പിലാക്കും, ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ബാഡ്മിന്റൺ എന്നീ മത്സര ഇനങ്ങൾ ഉൾപ്പെടുത്തി സ്പോർട്സ് ലീഗ് മാതൃകയിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും ഇതിൽ നിന്നും കണ്ടെത്തുന്ന കായിക താരങ്ങൾക്ക് വിദഗ്ദ പരിശീലനം നൽകുന്നതിനും ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു.

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും. പട്ടിക ജാതി സങ്കേതങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകം പദ്ധതികൾ തയ്യാറാക്കും. പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കും,വീട് റിപ്പയർ ഉൾപ്പെടെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾക്ക് കൂടുതൽ പരിഗണന നൽകും

അംഗൻവാടി സമഗ്ര വികസനം

ഔപചാരിക വിദ്യാഭ്യാസത്തി ലേക്ക് നമ്മുടെ കുട്ടികളെ കൈപിടിച്ചു നടത്തുന്ന സ്ഥാപനം എന്ന നിലക്കും സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലെ ആളുകളുടെ ജീവിത വികാസത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന കേന്ദ്രം എന്ന നിലക്കും അംഗനവാടികൾക്ക് വലിയ പരിഗണനയാണ് നൽകി വരുന്നത്. മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായതും മികച്ചതുമായതുമായ കെട്ടിടങ്ങൾ ഉണ്ടാകുക എന്ന പ്രാഥമിക ലക്ഷ്യത്തോട് ഏറക്കുറെ അടുത്ത് എത്തിയിട്ടുണ്ട്. 5 അംഗൻവാടികൾക്ക് പുതിയ കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ ഇവ ഉൾപ്പെടെ മുഴുവൻ അംഗൻവാടികളും സ്മാർട്ട് ആക്കുന്നതിന് തുക വകയിരുത്തുന്നതാണ്. ഇതോടൊപ്പം അടുക്കള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും പ്രത്യേക പദ്ധതി ഏറ്റെടുക്കുന്നതാണ്

കുളക്കാട്ട് കുളം നവീകരണം

പഞ്ചായത്തിലെ തന്നെ പ്രധാനപ്പെട്ടതും വലിയ കുളങ്ങളിലൊന്നുമായ കുളക്കാട്ട് കുളം നവീകരിക്കുന്നതിന് കഴിഞ്ഞ ബജറ്റിൽ നീക്കി വെച്ച തുകക്കുള്ള പ്രവർത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ആയതിന്റെ രണ്ടാം ഘട്ടമായി കൂടുതൽ തുക ഇതിനായി വകയിരുത്തും.

ഫോക്ക്ലോർ പാർക്ക് പൂർത്തീകരണം

ഫോക്ക്ലോർ പാർക്ക് പുനർ നിർമ്മിച്ച് പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരമുള്ള പ്രവർത്തികളുടെ നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഇതിന്റെ

രണ്ടാം ഘട്ടമായി കൂടുതൽ തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

റോഡ് പാക്കേജ് കൂടുതൽ തുക വകയിരിത്തും

ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് വേണ്ടി കഴിഞ്ഞ ബജറ്റിൽ പ്രഖ്യപിച്ച സുപ്രധാനമായ പദ്ധതിയായിരുന്നു 8 കോടി രൂപയുടെ റോഡ് പാക്കേജ്. ആയതിന്റെ ഭാഗമായി നിരവധി പ്രവർത്തികൾ ഇതിനോടകം പൂർത്തിയായി കഴിഞ്ഞു. ഡിപിസി അംഗീകാരം ലഭ്യമായി എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ നടപടികൾ ചെയ്യാനുള്ളതും ടെണ്ടർ പൂർത്തീകരിച്ചതുമായി വിവിധ പദ്ധതികൾ ഉടൻ നടപ്പിലാക്കുകയും ചെയ്യും. ജൽജീവൻ മിഷൻ പ്രവർത്തികളുടെ ഭാഗമായി പൈപ്പിടുന്നതിന് വേണ്ടി ട്രഞ്ചിംഗ് നടത്തിയ റോഡുകളുടെ റീസ്റ്റോറേഷൻ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് സാങ്കേതികമായി ചില ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നത് മൂലം ഈ പദ്ധതികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ വരും ദിവസങ്ങളിൽ തന്നെ ഇത് പരിഹരിക്കാനാവുമെന്നും ഈ തുക കൂടി ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ കൂടി പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. റോഡ് നവീകരണ പ്രവർത്തികളുടെ ഭാഗമായി ഈ പാക്കേജിലേക്ക് കൂടുതൽ തുക വകയിരുത്തുന്നതിനും കൂടുതൽ റോഡുകൾ നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും

വിളത്തൂർ എ.എൽ.പി സ്കൂൾ മാഞ്ഞാമ്പ്ര റോഡ് പാലം പുനർ നിർമ്മിക്കും

കഴിഞ്ഞ വർഷക്കാലത്ത് ശക്തമായ മഴയിലുണ്ടായി വെള്ളത്തിന്റെകുത്തൊഴുക്ക് മൂലം വിളത്തൂർ എ.എൽ.പി സ്കൂൾ മാഞ്ഞാമ്പ്ര റോഡിലെ പാടത്തിന് കുറുകെ ഉണ്ടായിരുന്ന പാലം തകരുകയും ഇത് വഴിയുള്ള ഗതാതഗതം പൂർണ്ണമായും തടസ്സപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ പുനർ നിർമ്മാണത്തിന് വലിയ തുക ചെലവ് വരുമെന്നതിനാൽ ആയത് ലഭ്യമാക്കുന്നതിന് വകുപ്പ് മന്ത്രി, ജില്ല കലക്ടർ, ഉൾപ്പെടെയുള്ളവർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നും ഇത് വരെയും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇനിയും അധിക നാൾ ഈ റോഡ് അടച്ചിടുന്നത് പ്രയാസകരമായതിനാൽ ഇവിടെ പാലം പുനർ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള സാധ്യമായ നടപടികൾ സ്വീകരിക്കും

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് 2025-26 വർഷത്തെ ബജറ്റ് സംഗ്രഹം	
പ്രാരംഭ ബാക്കി	3219146
2025-26 വർഷത്തെ വരവ്	353697000
ആകെ	356916146
2025-26 വർഷത്തെ ചെലവ്	347820000
നീക്കിബാക്കി	9096146
2025-26 വർഷത്തെ വരവിനങ്ങൾ	
മുൻ ബാക്കി	3219146
നികുതിവരുമാനം	
വസ്തുനികുതി	8500000
തൊഴിൽ നികുതി	2000000
ആകെ നികുതി വരുമാനം	10500000
നികുതിയേതര വരുമാനം	
ഫീസ് ആന്റ് യൂസർചാർജ്ജ്	4500000
വിൽപ്പന	200000
പലിശ	600000
വാടക	25000
ആകെ നികുതിയേതര വരുമാനം	5325000
ബഡ്ജറ്റ് വരവ്	
ജനറൽപർപ്പസ്ഗ്രാന്റ്	23712000
വികസനഫണ്ട്-ജനറൽ	25504000
ധനകാര്യകമ്മീഷൻ ഗ്രാന്റ്	9065000
പ്രത്യേക ഘടക പദ്ധതി	9374000
മെയിന്റനൻസ്ഗ്രാന്റ്-റോഡ്	18240000
മെയിന്റനൻസ്ഗ്രാന്റ്-നോൺറോഡ്	6282000
ആകെ ബഡ്ജറ്റ്	92177000
കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള വിഹിതം	
നാഷണൽ ഹെൽത്ത് മിഷൻ ഹെൽത്ത് ഗ്രാന്റ്	2000000

ഐ.സി.ഡി.എസ്	2500000
ദേശീയതൊഴിലുറപ്പ് പദ്ധതി	35000000
സ്വച്ച ഭാരത് മിഷൻ	2500000
ജലജീവൻമിഷൻ-പുനരുദ്ധാരണ നഷ്ടപരിഹാരം	30000000
ആകെ	72000000
സംസ്ഥാനാവിഷ്കൃതപദ്ധതികൾക്കുള്ള വിഹിതം	
ലൈഫ് സ്റ്റേറ്റ് വിഹിതം	35000000
പ്രീ മൺസൂൺ ക്യാമ്പയിൻ	180000
ലൈബ്രറി ഗ്രാന്റ്	15000
ആകെ	35195000
പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം	12500000
പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം	10000000
സംസ്ഥാനാവിഷ്കൃതപരിപാടികൾക്കുള്ള വിഹിതം	80000000
ഗുണഭോക്തൃ വിഹിതം	1000000
വായ്പ-മറ്റുള്ളവ	35000000
ആകെ	138500000
ആകെ വരവ്	

2025-26ചെലവിനങ്ങൾ

അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ	
ശമ്പളം	12000000
കൂലി	700000
ബോണസ്	50000
യാത്രാബത്ത	500000
ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	1800000
ജനപ്രതിനിധികൾക്കുള്ള ,സിറ്റിംഗ് ഫീ മുതലായവ	400000
ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത	250000
പെൻഷൻ വിഹിതം അടവാക്കൽ	1300000
അവധി ശമ്പളം	600000
സേവന വിരാമ ആനുകൂല്യങ്ങൾ	1200000
ജീവനക്കാര്യത്തിലുള്ള മറ്റ്ചെലവുകൾ	200000

ജീവനക്കാര്യത്തിലുള്ള ആകെ ചെലവുകൾ	19000000
ഓഫീസ് പരിപാലന ചെലവ്	550000
വാർത്താവിനിമയ ചെലവുകൾ	350000
പുസ്തകങ്ങളും ആനുകാലികങ്ങളും	150000
സ്റ്റേഷനറി ,അച്ചടി ചെലവുകൾ	550000
വാഹനങ്ങളുടെ ഇൻഷൂറൻസ്	75000
നീതിന്യായ ചെലവുകൾ	150000
മറ്റ് പ്രഫഷണൽ ചെലവുകൾ	60000
മെമ്പർഷിപ്പ് വരിസംഖ്യ	60000
തെരഞ്ഞെടുപ്പ് ചെലവ്	2000000
അസാധാരണ ചെലവ്	200000
പരസ്യവും പ്രചരണവും	250000
മറ്റ് ഭരണ ചെലവുകൾ	550000
ആകെ ഭരണ ചെലവുകൾ	4945000
ഓഫീസ് വാഹന ഇന്ധനം	750000
വൈദ്യുതി ചാർജ്ജ് അടവാക്കൽ-വിവിധം	1575000
വാഹന വാടക	500000
വാട്ടർ ചാർജ്ജ്	25000
സാമഗ്രികൾ വാങ്ങൽ	150000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-വൈദ്യുതി	1000000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-ജംഗമ വസ്തുക്കൾ	300000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-സ്ഥിര ആസ്തികൾ	300000
മറ്റ് സംരക്ഷണ,നടത്തിപ്പ് ചെലവുകൾ	1000000
ആകെ സംരക്ഷണ,നടത്തിപ്പ് ചെലവുകൾ	5600000
പ്ലാൻ റവന്യൂ ചെലവുകൾ	
ഉൽപ്പാദനമേഖല	
നെൽകൃഷി	6000000
വാഴ കൃഷി വികസനം	500000
മാവ് ഗ്രാമം	1200000

ക്ഷീരവികസനം	500000
തെങ്ങ്കൃഷി	1200000
പച്ചക്കറി കൃഷി	500000
പുഷ്പകൃഷി	200000
കാർഷിക വിപണനം	100000
മറ്റ് കാർഷിക പദ്ധതികൾ	100000
മുട്ട ഗ്രാമം	1500000
മൃഗാശുപത്രിയിലേക്ക് മരുന്ന്	500000
ചെറുകിടജലസേചനം	3000000
വെള്ളപ്പൊക്കനിവാരണം	525000
വ്യവസായം-ചെറുകിടസംരഭങ്ങൾ (വനിത)	1000000
വ്യവസായം-ചെറുകിടസംരഭങ്ങൾ (ഭിന്നശേഷി)	1000000
സേവന സംരഭങ്ങൾ	100000
ആകെഉൽപ്പാദനമേഖല	17925000
സേവനമേഖല	
സാക്ഷരത,തുടർവിദ്യാഭ്യാസം	175000
എഡുവേഗ-സമഗ്ര വിദ്യാഭ്യാസപദ്ധതി	250000
എസ്.എസ്.എ വിഹിതം	1500000
കേരളോത്സവം	150000
ഗെയിംസ് ഫെസ്റ്റ്	500000
ക്ലബുകൾക്ക് സ്പോട്സ് കിറ്റ്	300000
സ്പോർട്സ് പാർക്ക് നിർമ്മാണം,പരിപാലനം	2000000
സ്പോർട്സ് പാർക്ക് -ഫ്ലഡ് ലൈറ്റ് സ്ഥാപിക്കൽ	1300000
വായനശാലകളും റീഡിംഗ് റൂമുകളും	315000
കല-സംസ്കാരം	315000
വിമുക്തി-ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ	200000
സ്റ്റുഡൻറ് പോലീസ് ധനസഹായം	20000

പൊതു ആരോഗ്യപരിപാടികൾ	
ഹെൽത്ത് സെന്ററുകൾ,ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ	1050000
സാന്ത്വനം-പെയിൻ ആന്റ് പാലിയേറ്റീവ്	1200000
സാന്ത്വനം-പെയിൻ ആന്റ് പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ	600000
വൃക്ക മാറ്റിവച്ചവർക്ക് മരുന്ന്	500000
വൃക്ക രോഗികൾക്ക് മരുന്ന്/അനുബന്ധ സാമഗ്രികൾ വിതരണം	1200000
ഡയാലിസിസ് രോഗികൾക്ക് ധന സഹായം	1000000
കാൻസർ രോഗികൾക്ക് മരുന്ന്	500000
മരുന്നുകൾ അലോപ്പതി	700000
മരുന്നുകൾ ആയുർവേദം	1200000
മരുന്നുകൾ ഹോമിയോ	500000
പകർച്ചവ്യാധി നിയന്ത്രണം	300000
ആശുപത്രി മാലിന്യപരിപാലനം	200000
വുമൺ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ	1500000
വനിതകൾക്ക് യോഗ പരിശീലക പരിശീലന പദ്ധതി	200000
വിവിധ കുടുബശ്രീ സംരംഭങ്ങൾ	500000
ബാലസഭ	100000
ക്ലീൻ തിരുവേഗപ്പുറ സമഗ്ര മാലിന്യ നിർമാർജ്ജന പദ്ധതി	
പൊതുമാലിന്യസംസ്കരണം ശുചിത്വം-ക്ലീൻ തിരുവേഗപ്പുറ	1500000
ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ	200000
കുരുത്തോലി പ്രദേശം സൌന്ദര്യവത്കരണം	1000000
മാലിന്യ നിക്ഷേപം തടയൽ-സി.സി.ടി.വി കാമറകൾ സ്ഥാപിക്കൽ	700000
ബോട്ടിൽ കളക്ഷൻ ബാങ്കുകൾ സ്ഥാപിക്കൽ	700000

കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി(മാലിന്യ നിർമാർജ്ജന പരിപാടി)	600000
മിനി എം.സി.എഫ് സ്ഥാപിക്കൽ	200000
ഭവനനിർമ്മാണം(ലൈഫ്,പി എം എ വൈ)	15000000
ഓഫീസ് വൈദ്യുതീകരണം/ജനറേറർ വാങ്ങൽ	1000000
തെരുവുവിളക്ക് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ-ലൈൻ എക്സ്റ്റൻഷൻ	1000000
മുതിർന്ന പൌരൻമാർക്കുള്ള വികസന ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവഹണവും	1000000
അംഗൻവാടി-സമഗ്ര അനുപൂരക പോഷകാഹാര പരിപാടി	3200000
കരുതൽ-ഭിന്നശേഷി സൌഹൃദപദ്ധതികൾ സ്കോളർഷിപ്പ് നല്കൽ	2500000
ഭിന്നശേഷി ഉല്ലാസ യാത്ര	200000
ഭിന്നശേഷി കലാമേള	100000
ബഡ്സ് റിഹാബില്റ്റേഷൻ സെന്റർ	2000000
ഫിസിയോ തെറാപ്പി സെന്റർ	500000
പട്ടികജാതി പഠന ഉപകരണങ്ങൾ	700000
വരൾച്ചാ ദുരന്ത പ്രതിരോധം-കുടിവെള്ള പദ്ധതികൾ/ കുടിവെള്ള വിതരണം	1500000
അങ്കണവാടി പശ്ചാത്തലസൌകര്യങ്ങൾ/കെട്ടിടങ്ങൾ	4725000
അങ്കണവാടികൾ "സ്മാർട്ട്" നിലവാരത്തിലേക്ക് ഉയർത്തൽ	1000000
റെസ്പോൺസിബിൾ ടൂറിസം,ഫോക്ലോർ പാർക്ക് വികസനം	3000000
സർവ്വേകളും പഠനങ്ങളും	350000
പദ്ധതിരൂപീകരണവും,മോണിറ്ററിംഗ്	500000
സദ്ഭരണം	200000
കമ്പ്യൂട്ടർവൽക്കരണം	250000

ആകെ സേവന മേഖല	61900000
പശ്ചാത്തലമേഖല	
തെരുവ് വിളക്കുകൾ	1000000
റോഡുകൾ	50000000
വാഹനങ്ങൾ	200000
ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ	1500000
പൊതുകെട്ടിടങ്ങൾ	15000000
വെളുത്തൂർ നോർത്ത് സബ്സെന്റർ കെട്ടട നിർമ്മാണം	2750000
മാഞ്ഞാമ്പ്ര കുളക്കാട്ടുകുളം നവീകരണം	3000000
ആകെ പശ്ചാത്തലമേഖല	73450000
ഘടക സ്ഥാപനങ്ങളുടെ നവീകരണം	5000000
റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പദ്ധതികൾ ഹോമിയോ	500000
ആകെ റോഡ് ഇതര മെയിന്റനൻസ്	5500000
മേഖല വിഭജനത്തിൽ ഉൾപ്പെടാത്ത വ	
ഘടക സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ചെലവുകൾ	700000
ആശ്രയ	600000
ഐ.കെ.എം വിഹിതം	200000
ആകെ	1500000
തൊഴിലുറപ്പ് പദ്ധതി	40000000
സംസ്ഥാനാവിഷ്കൃതപരിപാടികൾ	110000000
വായ്പാ തിരിച്ചടവ്	8000000
ആകെ	158000000
ആകെ ചെലവ്	347820000